## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4573 26-10-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്കു മാത്രമായുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കു മാത്രമായി എസ്.സി..വകുപ്പിനു കീഴിൽ എത്ര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഈ ഐ.റ്റി.ഐ.കളിലെ വിജയ ശതമാനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു കാരണമെന്താണെന്ന് വിശദീകരിക്കുമോ ; | ബി) | ചില ഐ.ടി.ഐ.കളിൽ വിജയ ശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.സാമൂഹികമായും സാമ്പത്തികമായും വളരെപിന്നാക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നത്. ഇവരുടെ കുടുംബ പ-ശ്ചാത്തലവും മറ്റ് പിന്നാക്കാവസ്ഥയും പഠനത്തിന് താൽപര്യ-ക്കുറവുണ്ടാക്കുകയും തദ്വാര വിജയ ശതമാനം കുറയുന്നതിനും കാരണമാകുന്നു. |
| സി | പ്രസ്തുത ഐ.റ്റി.ഐ.കളിൽ നിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾ തൊഴിൽ മേഖലയിൽ എത്തിപ്പെടുന്നുണ്ടോയെന്ന കാര്യം ഏതെങ്കിലും രീതിയിൽ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് രീതിയിലാണ് വിലയിരുത്തൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ; | സി) | ഉണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിൽ നിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾ സ്വദേശത്തും, വിദേശത്തും തൊഴിൽ മേഖലകളിൽ എത്തിപ്പെടുന്നുണ്ട്.<br>ഐ.ടി.ഐ. ട്രെയിനിംഗ് സൂപ്രണ്ടുമാർ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് നൽകുന്നുണ്ട്. ഇത് ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മേഖലാതലത്തിൽ വിലയിരുത്താറുണ്ട്. പാസ്സാകുന്ന ട്രെയിനികളെ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ വിവിധ കമ്പനികളെ ഉൾപ്പെ ടുത്തി ഒരു സെലക്ഷൻ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം ഐ.റ്റി.ഐ.കളിലെ പഠന നിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ ? | ഡി) | ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ